## ശ്രദ്ധക്ഷണിക്കൽ

### ദേശീയ ജലപാതയുടെ നിർമ്മാണപ്രവർത്തനങ്ങൾ

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, കേരളീയ സമൂഹത്തിന്റെ യാത്രാപ്രശ്നം അതീവ ഗുരുതരമായ അവസ്ഥയിലാണ്. ട്രെയിനും ബസ്സും മറ്റ് യാത്രാസൗകര്യങ്ങളും ഈ പ്രശ്നത്തിന് പരിഹാരമാകുന്നില്ല. കേരളീയർ മാത്രമല്ല, കേരളത്തിന്റെ പ്രകൃതിഭംഗി ആസ്വദിക്കാൻ വിദേശീയരും സ്വദേശീയരുമായി ഒരു കോടിയോളം പേർ ഓരോ വർഷവും എത്തിക്കൊണ്ടിരിക്കുന്നു. ഓരോവർഷവും ഇത് കൂടിക്കൂടി വരികയാണ്. ഈയൊരു സാഹചര്യത്തിലാണ് പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ചു നൽകിയ പടിഞ്ഞാറൻ തീരത്തെ കായലുകളേയും പുഴകളേയും തോടുകളേയും എങ്ങനെ ജനങ്ങളുടെ യാത്രാപ്രശ്നം പരിഹരിക്കാൻ പ്രയോജനപ്പെടുത്താമെന്ന കാര്യം നമ്മുടെ ശ്രദ്ധയിൽവരുന്നത്. നാഷണൽ ഹൈവേയുടെ വിപുലീകരണവും മലയോരഹൈവേയും അതിവേഗ റെയിൽവേ കോറിഡോറും ജില്ലകൾതോറും എയർസ്ട്രിപ്പും വിമാനത്താവളങ്ങളുമെല്ലാം സജീവപരിഗണനയിലാണെന്ന കാര്യം അറിയാം. അതോടൊപ്പം തന്നെ നടപ്പിലാക്കേണ്ടുന്ന പദ്ധതിയാണ് കേരളത്തിലെ ദേശീയ ജലപാത. ജനങ്ങളുടെ യാത്രാസൗകര്യം മാത്രമല്ല, ട്രെയിൻ-റോഡ് മാർഗ്ഗമുള്ള ചരക്ക് ഗതാഗതം ഇന്ന് വളരെയേറെ വിഷമഘട്ടത്തിലാണ്. ജലപാത വന്നാൽ ചുരുങ്ങിയ ചെലവിൽ ചരക്കുകൾ കടത്താനാവും. ഇതിന്റെ ഫലമായി വിലക്കയറ്റം തടയുന്നതിനും ഒരുപരിധി

വരെ പരിഹാരമുണ്ടാക്കാൻ സാധിക്കും. ലോകത്തിലെ തന്നെ നമ്പർ വൺ ജലഗതാഗത പാതയായി ഇതിനെ മാറ്റാൻ കഴിയും. ടൂറിസ്റ്റുകളുടെ ഒരു കുത്തൊഴുക്ക് തന്നെ ഇവിടേയ്ക്ക് ഉണ്ടാകും.

ഓളങ്ങൾ താളം വയ്ക്കുമാ കായൽപ്പരപ്പിലൂടെ

ആലോലമുലഞ്ഞുലഞ്ഞങ്ങനെ നീങ്ങും ബോട്ടിൽ

തണുപ്പൻ കാറ്റിൽപ്പറ്റി സഞ്ചരിക്കാൻ കൊതിയില്ലാത്ത ആരാണ് ഈ കേരളത്തിൽ ഉണ്ടാവുക. അങ്ങനെ അനവദ്യ സുന്ദരമായ കേരളീയ പ്രകൃതി ഭംഗി ആസ്വദിച്ച് യാത്ര ചെയ്യാനുള്ള സൗകര്യം ഇതിലൂടെ കരഗതമാകും. ചുരുങ്ങിയ ചെലവിൽ ടൂറിസ്റ്റുകളുടെ വലിയ തള്ളിക്കയറ്റം തന്നെ കേരളത്തിലേയ്ക്കുണ്ടാകും. 560 കി. മീ. ദൈർഘ്യമുള്ള പശ്ചിമതീര ജലപാതയിൽ കോവളം-കൊല്ലം, കൊല്ലം-കോട്ടപ്പുറം, കോട്ടപ്പുറം-നീലേശ്വരം എന്നീ ജലപാതകളാണുള്ളത്. ഇതിൽ കൊല്ലം-കോട്ടപ്പുറം ജലപാത 1993 -ൽത്തന്നെ സെൻട്രൽ ഗവൺമെന്റ് ദേശീയജലപാതയായി പ്രഖ്യാപിച്ചതാണ്. ഇതിന്റെ പ്രവർത്തനം പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നുകൊടുത്തുവെന്നാണ് മനസ്സിലാക്കുന്നത്. കോവളം-കൊല്ലം, കോട്ടപ്പുറം-നീലേശ്വരം ജലപാതകൾ നവീകരിച്ച് ഗതാഗതയോഗ്യമാക്കാനുള്ള ബൃഹത് സംരംഭമാണ് സ്മാർട്ട് വാട്ടർവേ പദ്ധതി. 12-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് ഗതിവേഗം പോര. ഇതിന്റെ പ്രവർത്തനത്തിന് 12-ാം ധനകാര്യ കമ്മീഷൻ 225 കോടി രൂപ 2006-2010-ൽ വകയിരുത്തിയിരു

ന്നു. മലബാർ മേഖലയിൽ ജലപാത പ്രാവർത്തികമാക്കുന്നതിന് കുറ്റ്യാടിപ്പുഴ മുതൽ മാഹിപ്പുഴവരേയും മാഹിപ്പുഴ മുതൽ വളപട്ടണം പുഴവരേയുമുള്ള രണ്ട് പ്രധാന തോടുകളുടെ പൂർത്തീകരണം അത്യാവശ്യമാണ്. ഇതിന്റെ പ്രവർത്തനം ഒച്ച് ഇഴയും വേഗത്തിലാണ് നടന്നുകൊണ്ടിരിക്കുന്നത്. വളപട്ടണം പുഴ മുതൽ എന്റെ മണ്ഡലത്തിലെ നീലേശ്വരം-കോട്ടപ്പുറം നിർദ്ദിഷ്ട ടെർമിനൽ വരെ ഇപ്പോൾത്തന്നെ ഗതാഗത സൗകര്യമുണ്ട്. വളപട്ടണം പുഴയേയും കൗവായി കായലിനേയും ബന്ധിപ്പിക്കുന്ന സുൽത്താൻതോട് മുമ്പേ പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. ഈ മേഖലയിൽ കോടിക്കണക്കിന് രൂപ മുടക്കി ബോട്ട്ജെട്ടികളും കായലോരങ്ങളിൽ കരിങ്കൽഭിത്തി കെട്ടി കരയും സംരക്ഷിച്ചിട്ടുണ്ട്. അത്യാവശ്യം ചിലയിടങ്ങളിൽ ആഴംകൂട്ടിയാൽ സുഗമമായ യാത്രാസൗകര്യമൊരുക്കാൻ സാധിക്കും. വടക്കൻ കേരളത്തിനോട് തികഞ്ഞ അവഗണനയാണ് കാണിക്കുന്നത്. അങ്ങനെയൊക്കെ മതി എന്നുള്ള സമീപനമാണ് സ്വീകരിക്കുന്നത്. ഈ സമീപനം മാറ്റണം. എന്റെ മണ്ഡലത്തിൽ 30 കിലോമീറ്ററോളം ഗതാഗതപാതയിൽ ഒരു പ്രശ്നവുമില്ല. ചില കെ.എസ്.ആർ.ടി.സി. ബോട്ടുകളും നിരവധി കെട്ടുവള്ളങ്ങളും സ്പീഡ് ബോട്ടുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ജലപാതയുടെ വടക്കേയറ്റത്തെ ടെർമിനൽ നിൽക്കുന്ന കോട്ടപ്പുറം ഒരു ടൂറിസ്റ്റ് കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്നു. ടൂറിസം വകുപ്പുമന്ത്രി ആ സ്ഥലം സന്ദർശിച്ചിട്ടുണ്ട്. കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ പര്യാപ്തമായ ജലപാതയോരം വലിയ

ടൗൺഷിപ്പുകളും വ്യാപാരശൃംഖലകളും രൂപംകൊള്ളാനുള്ള സാഹചര്യമൊരുക്കുകയും, ലക്ഷക്കണക്കിന് ജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുകയും സർവ്വോപരി നമ്മുടെ സമ്പദ്ഘടനയിൽ വൻ കുതിച്ചുചാട്ടം തന്നെയുണ്ടാക്കുകയും ചെയ്യും. കേരളത്തിലെ എല്ലാ വൻകിട ചെറുകിട തുറമുഖങ്ങളേയും ബന്ധപ്പെടുത്തിക്കൊണ്ട് കടന്നുപോകുന്ന ഒരു ജലപാതയാണിത്. വകുപ്പുമന്ത്രിയെ കൂടാതെ തുറമുഖ വകുപ്പുമന്ത്രിയും ടൂറിസം വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും സർവ്വോപരി മുഖ്യമന്ത്രിയും മുൻകയ്യെടുത്ത് സമീപഭാവിയിൽത്തന്നെ ഈ പദ്ധതി യാഥാർത്ഥ്യമാക്കണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) ഇവിടെ ഉന്നയിച്ചത് കേരളത്തെ സംബന്ധിച്ചുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ദേശീയജലപാത ദേശീയ നിലവാരമനുസരിച്ച് ഉയർത്തിക്കൊണ്ടുവരികയെന്നുള്ളത് സംസ്ഥാനത്തിന്റെ സ്വപ്നങ്ങളിൽ ഒന്നാണ്. ദേശീയജലപാതയുടെ പ്രാധാന്യം മൂന്ന് കാര്യങ്ങളിലധിഷ്ഠിതമാണ്. (1) ചരക്കുഗതാഗതം വളരെ ചെലവ് കുറച്ച് മുമ്പോട്ടുപോകാൻ സാധിക്കും. റോഡ് ഗതാഗതവുമായി നോക്കുമ്പോൾ ദേശീയജലഗതാഗതത്തിന് 40 ശതമാനമേ ചെലവ് വരുന്നുള്ളൂ. അപ്പോൾ ചരക്കുഗതാഗത മൂവ്മെന്റ് വളരെ കുറഞ്ഞ നിരക്കിൽ കൊണ്ടുപോകാൻ സാധിക്കും. (2) റോഡിന്റെ തിരക്ക് - ഇന്ന് കേരളത്തെ സംബന്ധിച്ചിടത്തോളം ഗതാഗത

ത്തിനുള്ള ഏറ്റവും വലിയ പ്രശ്നം റോഡുകളിലെ തിരക്കാണ്. ദേശീയ ജലഗതാഗതം യാഥാത്ഥ്യമായാൽ വലിയ തോതിൽ റോഡുകളിലെ ഗതാഗത തിരക്ക് കുറയ്ക്കാൻ സാധിക്കും. (3) കേരളത്തിന്റെ സൗന്ദര്യം, കേരളത്തിന്റെ ടൂറിസ്റ്റ് സാദ്ധ്യതകൾ പൂർണ്ണമായും വിജയകരമായി നടപ്പിലാക്കാൻ സാധിക്കും. ഈ മൂന്ന് കാരണങ്ങൾ കൊണ്ട് ദേശീയജലപാതയ്ക്ക് വലിയ പ്രാധാന്യമുണ്ട്. മെമ്പർ പറഞ്ഞതുപോലെ ജലഗതാഗതത്തെ മൂന്ന് റീച്ചായിട്ടാണ് കാണുന്നത്; കോവളം-കൊല്ലം, കൊല്ലം-കോട്ടപ്പുറം, കോട്ടപ്പുറം-നീലേശ്വരം. അതിൽ കൊല്ലം-കോട്ടപ്പുറത്തിന്റെ പണി ഏതാണ്ട് പൂർത്തിയായി. മുഴുവനും പൂർത്തിയായി എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല, പൂർത്തിയായിക്കൊണ്ടിരിക്കുന്നു. വർഷങ്ങൾക്കുമുമ്പുതന്നെ അത് പൂർത്തിയാകേണ്ടതായിരുന്നു. പക്ഷേ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളാലും ഊന്നുവലകളുടെ പ്രശ്നത്താലും പല സ്ഥലങ്ങളിലും നമുക്ക് ബുദ്ധിമുട്ടുകളുണ്ടായി. ഈ വർഷം ഡിസംബർ 31-ന് മുമ്പ് പണികൾ പൂർത്തീകരിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ഏതെങ്കിലും കാരണവശാൽ ലക്ഷ്യം പൂർത്തീകരിക്കാതെ പോയാൽ മാർച്ച് 31-നുമുമ്പ് കൊല്ലം-കോട്ടപ്പുറം ദേശീയജലപാത പ്രായോഗികതലത്തിൽ കൊണ്ടുവരും. അതിന്റെ 95% വർക്കുകളും കഴിഞ്ഞിരിക്കുകയാണ്. ചില സ്ഥലങ്ങളിൽ ചില തർക്കങ്ങളുണ്ട്. ആ തർക്കങ്ങൾ തീർക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. എത്രയും വേഗത്തിൽ കൊല്ലം-കോട്ടപ്പുറം ദേശീയജലപാതയുടെ വർക്ക്

തീർക്കും. കോവളം-കൊല്ലം ദേശീയ ജലപാതയുടെ കാര്യത്തിൽ സ്ഥലമെടുപ്പ് സംബന്ധമായ ചില പ്രശ്നങ്ങളുണ്ട്. മറ്റൊരു പ്രധാനപ്പെട്ട ബോട്ടിൽനെക്ക് വർക്കല തുരങ്കമാണ്. അതിന് പരിഹാരമുണ്ടാക്കി കോവളം-കൊല്ലം പ്ലാൻ തയ്യാറാക്കുകയാണ്. സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനെക്കുറിച്ച് ജലവിഭവ വകുപ്പു മന്ത്രി പല പ്രാവശ്യം ഇവിടെ പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട മെമ്പർ സ്ട്രെസ്സ് ചെയ്ത് പറഞ്ഞത് കോട്ടപ്പുറം-നീലേശ്വരം ജലപാതയെക്കുറിച്ചാണ്. അക്കാര്യത്തിൽ ഗവൺമെന്റിന് വളരെയധികം താൽപ്പര്യമുണ്ട്. കാരണം വടക്കൻ കേരളത്തിന്റെ ഗതാഗത രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കാനും ടൂറിസ്റ്റ് സാദ്ധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താനും ഈ സ്കീം നടപ്പിലാക്കിയേ മതിയാകൂ. ഇക്കാര്യത്തിൽ ഗവൺമെന്റിന് ടോപ്പ് പ്രയോറിറ്റിയുണ്ട്. ഈ ദേശീയജലപാതയുടെ കാര്യത്തിൽ പണമൊരു പ്രശ്നമേയല്ല. കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ അതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഇക്കാര്യത്തിനാവശ്യമായ സഹായം നൽകാൻ തയ്യാറാണ്. ദേശീയതലത്തിൽത്തന്നെ ഇതുപോലെയുള്ള ജലപാതകൾക്ക് അവർ കൂടുതൽ പ്രാധാന്യം കൊടുക്കുന്നുമുണ്ട്. കോവളം-കൊല്ലം ദേശീയജലപാതയിലെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള അത്രയും പ്രശ്നങ്ങൾ വടക്കൻ കേരളത്തിലെ കോട്ടപ്പുറം-നീലേശ്വരം പാതയിലില്ലെന്നുള്ളത് ഗവൺമെന്റിനറിയാം. എന്നാലും എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുകയാണെങ്കിൽ ജനപ്രതിനിധികളുടെ പൂർണ്ണമായ

സഹകരണമുണ്ടാകണം. ഏറ്റവും വേഗത്തിൽ ഇത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കേരളത്തിന്റെ സ്വപ്ന പദ്ധതികളിലൊന്നാണ് ദേശീയജലപാതയെന്ന് വ്യക്തമാക്കാൻ ഞാൻ അഗ്രഹിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ): സർ, വളപട്ടണം-നീലേശ്വരം- കോട്ടപ്പുറം പാതയിൽ കാര്യമായ തടസ്സങ്ങളൊന്നുമില്ല. അത്യാവശ്യം ചിലയിടങ്ങളിൽ ആഴം കൂട്ടിയാൽ ഗതാഗതം ആരംഭിക്കാൻ കഴിയും. അതുപോലെ ചെറിയതോതിൽ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളുമുണ്ട്, ഇതെല്ലാം വളരെ വേഗത്തിൽ പരിഹരിച്ച് വളപട്ടണവും നീലേശ്വരവുമായുള്ള ജലഗതാഗത പാത തുറന്നുകൊടുക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുള്ള പാത 348 കി.മീ. ആണ്. കോവളം-കൊല്ലം പ്രദേശവുമായി താരതമ്യപ്പെടുത്തുമ്പോൾ വളപട്ടണം-നീലേശ്വരം-കോട്ടപ്പുറം പ്രദേശങ്ങളിൽ വലിയ തടസ്സങ്ങളൊന്നുമില്ലെന്ന് അങ്ങ് പറഞ്ഞതുപോലെ ഞാനും നേരത്തെ പറഞ്ഞു. കോട്ടപ്പുറം-വടകര 208 കി.മീ., വടകര-മാഹി 17.61 കി.മീ., മാഹി-വളപട്ടണം 56 കി.മീ., വളപട്ടണം-നീലേശ്വരം 66.75 കി.മീ. - ഇങ്ങനെയാണ് ഇതിന്റെ ദൂരം. അതിൽ വടകര-മാഹി, മാഹി-വളപട്ടണം 30 കി.മീ. പുതിയതായി നിർമ്മിക്കാനുണ്ട്. വളപട്ടണം-നീലേശ്വരം 66.75 കി.മീ. ദൂരം പൂർണ്ണമായും സഞ്ചാരയോഗ്യമാണ്. ഏതായാലും ഈ പ്രദേ

ശത്തെ പ്രവർത്തനങ്ങൾക്ക് പ്രത്യേക പ്രാധാന്യം കൊടുക്കും. എത്രയും വേഗത്തിൽ പണി തുടങ്ങാനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

## വേടർ വിഭാഗത്തിൽപ്പെട്ടവർ നേരിടുന്ന സാമൂഹ്യപ്രശ്നങ്ങൾ

ശ്രീ. വർക്കല കഹാർ: സർ, കേരളത്തിൽ സാമൂഹ്യമായും സാമ്പത്തികമായും ആരോഗ്യപരമായും വളരെ ദയനീയാവസ്ഥയിൽ കഴിയുന്ന ഒരു ജനസമൂഹമാണ് വേടർ സമൂഹം. കേരളത്തിൽ 68 പട്ടികജാതി വിഭാഗക്കാരും 35 പട്ടികവർഗ്ഗ വിഭാഗക്കാരും ഉണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഈ 103 പട്ടികജാതിവർഗ്ഗ വിഭാഗങ്ങളിൽ സാമൂഹ്യമായും വിദ്യാഭ്യാസപരമായും വളരെയധികം പിന്നോക്കം നിൽക്കുന്ന ഒരു ജാതിയാണ് വേടർ സമുദായം.. എന്റെയും ബഹുമാന്യനായ സ്പീക്കറുടേയും മണ്ഡലത്തിൽ വേടർ സമുദായത്തിലെ വലിയൊരു വിഭാഗം താമസിക്കുന്നുണ്ട്. ഇവരുടെ കഷ്ടവും സങ്കടവും ഞങ്ങൾ ദിവസവും നേരിട്ട് കാണുന്നതാണ്. തലസ്ഥാന നഗരം സ്ഥിതിചെയ്യുന്ന തിരുവനന്തപുരം ജില്ലയിൽ വർക്കല, കിളിമാനൂർ, പാലോട്, പൂവാർ തുടങ്ങിയ സ്ഥലങ്ങളിലും കൊല്ലം ജില്ലയിലെ പല പ്രദേശങ്ങളിലും ആലപ്പുഴ, പത്തനംതിട്ട തുടങ്ങിയ ജില്ലകളിലെ ചില പ്രദേശങ്ങളിലുമാണ് ഇവരിൽ ഭൂരിഭാഗവുമുള്ളത്. ഇവരിൽത്തന്നെ വേടരും മലവേടരുമുണ്ട്. വേടർ പട്ടികജാതി ലിസ്റ്റിലും മലവേടർ പട്ടികവർഗ്ഗ ലിസ്റ്റിലുമാണുള്ളത്. എന്നാൽ ഇവർ തമ്മിൽ ജീവിതരീതിയിൽ യാതൊരു വ്യത്യാസവുമില്ല. ഇടുക്കി, വയനാട് വനമേഖലകളിൽ താമസിക്കുന്ന ആദിവാസികളുടെ ജീവിതനിലവാരംപോലും തിരുവനന്തപുരം ജില്ലയിൽ താമസിക്കുന്ന ഇവർക്കില്ല. ഇവരുടെ ഇടയിൽ വിദ്യാഭ്യാസമുള്ളവർ വളരെ കുറവാണ്.

കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്ന കാര്യത്തിൽ രക്ഷകർത്താക്കൾക്ക് യാതൊരു താൽപ്പര്യവുമില്ല, അഥവാ സ്കൂളിൽ പോയാലും 90 ശതമാനംപേരും ഒന്നോ രണ്ടോ ക്ലാസ്സിൽ പോയതിനുശേഷം ക്ലാസ്സിൽ നിന്ന് പുറത്തുപോകുന്നു. 10-ാം ക്ലാസ് പാസ്സായവർ ഇല്ലെന്നുതന്നെ പറയാം. രക്ഷകർത്താക്കൾ രാവിലെ 6 മണിക്കുതന്നെ കുടിലിൽ നിന്ന് കൂട്ടമായി അടുത്ത ജംഗ്ഷനിലിറങ്ങി വട്ടംകൂടി കഥയും പറഞ്ഞിരിക്കും. ആരെങ്കിലും കൂലിപ്പണിക്ക് വിളിച്ചാൽ പോകും. എത്രയാണ് കൂലിയെന്ന് ചോദിച്ചാൽ അവർക്ക് അറിയില്ല. തമ്പ്രാന്മാർ കൊടുക്കുന്ന കൂലി വാങ്ങും. . ആ കാശു കൊണ്ടുപോയി അവർ സിനിമ കാണും..

<u>മി. സ്പീക്കർ</u>: ഇപ്പോഴും അങ്ങനെയാണോ?

<u>ശ്രീ. വർക്കല കഹാർ</u>: ഇപ്പോഴും അങ്ങനെയാണ്. നാളത്തേയ്ക്കെന്നുപറഞ്ഞ് ഒരു നയാപൈസ പോലും ഇവർ നീക്കിവയ്ക്കുകയില്ല. ഇവരിൽ ഭൂരിപക്ഷംപേർക്കും സ്വന്തമായി ഭൂമിയോ കിടപ്പാടമോ ഇല്ല. ഓലമേഞ്ഞ ചെറ്റക്കുടിലുകളിലാണ് ഇവരിൽ ഭൂരിപക്ഷവും താമസിക്കുന്നത്. എനിക്കുണ്ടായ ഒരു അനുഭവം ഞാൻ പറയാം; നമ്മളിൽ പലരും മരണവീടുകളിലും അസുഖമായി ആളുകൾ കിടക്കുന്ന സ്ഥലങ്ങളിലുമൊക്കെ പോകുന്നത് പതിവാണ്. തേരിക്കൽ എന്നുപറയുന്ന സ്ഥലത്ത് ഒരാൾ മരണമടഞ്ഞതായി ആരോ പറഞ്ഞ് ഞാൻ അറിഞ്ഞു. മരണ വീട് എവിടെയാണെന്ന് എനിക്കറിയില്ല. ഞാൻ എന്റെ പല സുഹൃത്തുക്കളോടും ചോദിച്ചു. അവിടെ ആരും മരിച്ചിട്ടില്ലെന്നാണ് എല്ലാവരും

പറഞ്ഞത്. വീണ്ടും ഞാൻ പല സുഹൃത്തുക്കളോടും ചോദിച്ചു. അവിടെ ആരും മരിച്ചിട്ടില്ല, ഞങ്ങളറിയാത്ത മരണമോ എന്ന ഭാവമായി രുന്നു അവരുടെ മുഖങ്ങളിൽ. അവസാനം അന്വേഷിച്ചു കണ്ടെത്തി. അപ്പോൾ ആളുകളുടെ കമന്റ് അതൊരു വേടനല്ലേ എന്നായിരുന്നു. വേടർ മരിക്കുന്നത് സാധാരണ മനുഷ്യർ മരിക്കുന്നതുപോലെയല്ല, പട്ടിയോ പൂച്ചയോ പശുവോ ചാകുന്നതുപോലെയാണ് എന്നു കരുതുന്നവരാണ് പലരും. തിരുവനന്തപുരം ജില്ലയിൽത്തന്നെ ശവം മറവ് ചെയ്യാൻ സ്ഥല മില്ലാത്തതിന്റെ പേരിൽ അടുക്കളയിൽ ശവം മറവ് ചെയ്തുവെന്ന് പത്ര ങ്ങളിൽ നമ്മൾ വായിക്കുകയുണ്ടായി......

<u>മി. സ്പീക്കർ</u> : അങ്ങനെയുള്ള സമൂഹത്തെ നമ്മൾ തീർച്ചയായിട്ടും ശ്രദ്ധിക്കണമല്ലോ?

<u>ശ്രീ. വർക്കല കഹാർ</u> : സർ, തീർച്ചയായിട്ടും ശ്രദ്ധിക്കണം. സ്ഥല മില്ലാത്തതിന്റെ പേരിൽ വീടിന്റെ അടുക്കള പൊളിച്ച് അതിൽ ശവം മറവു ചെയ്ത പല ആളുകളും ഈ വിഭാഗങ്ങളിൽപ്പെട്ടവരാണ്. ഇവരുടെയിട യിൽ വിദ്യാഭ്യാസമുള്ളവരില്ലായെന്ന് ഞാൻ പറഞ്ഞു. സ്ത്രീകൾ വളരെ യധികം ചൂഷണത്തിന് ഇടയാകാറുണ്ട്. ഈ സമുദായത്തിൽ അവിവാഹി തരായ നിരവധി അമ്മമാരുണ്ട്, പലവിധ വാഗ്ദാനങ്ങൾ നൽകി ധാരാളം പേരെ ചൂഷണം ചെയ്യുകയാണ്. മദ്യപാനം ഇവർക്ക് ഒഴിവാക്കാൻ പറ്റാത്ത ഒരു ഘടകമാണ്. സ്ത്രീകളടക്കം മദ്യത്തിനും മയക്കുമരുന്നിനും അടിമകളാണ്. നാല്പത്തഞ്ച് വയസ്സായാൽ ഇവരിൽ മിക്ക ആളുകളും

രോഗികളായി മരണപ്പെടുകയാണ് ചെയ്യുന്നത്. കുട്ടികൾക്ക് ട്രിപ്പിൾ, പോളിയോ തുടങ്ങിയ പ്രതിരോധ കുത്തിവയ്പ്പുകൾ നടത്താറില്ല. മിക്ക വാറും സ്ത്രീകളും കുട്ടിക്കാലം മുതൽതന്നെ വെറ്റതിന്ന് വായിൽ നിര വധി രോഗങ്ങളുമായിട്ടാണ് കഴിയുന്നത്. ചില കാര്യങ്ങൾ ഞാൻ ബഹുമാ നപ്പെട്ട മന്ത്രിയുടെയും സർക്കാരിന്റെയും അടിയന്തരമായ ശ്രദ്ധയ്ക്കു വേണ്ടി പറയുന്നു. ആദ്യമായി മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ഇവ രുടെയിടയിൽ പ്രചരണ പരിപാടികൾ സംഘടിപ്പിക്കണം. വിദ്യാഭ്യാസം നിർബന്ധമാകത്തക്ക രീതിയിൽ പട്ടികജാതി വികസന വകുപ്പിൻകീഴിൽ ഇവർക്ക് ബെറ്റർ എഡ്യൂക്കേഷൻ നൽകാൻ കഴിയുമോയെന്ന് നോക്ക ണം. കുട്ടികളെ സ്ക്കൂളിൽ പറഞ്ഞുവിടാനായി രക്ഷകർത്താക്കളെ ബോധവൽക്കരിക്കുകയും വേണം. സ്വന്തമായി സ്ഥലവും വീടുമില്ലാത്ത ഇവർക്ക് അത് നൽകാൻ സർക്കാർ തയ്യാറാകണം. അവിവാഹിതരായ അമ്മമാർക്കും മറ്റ് സ്ത്രീകൾക്കും ബോധവൽക്കരണവും കൗൺസി ലിംഗും നൽകുകയും അവിവാഹിതരായ അമ്മമാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുകയും വേണം. കോളനികളിൽ സർക്കാർ നിയന്ത്രണത്തിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി അവർക്ക് ജീവി തമാർഗ്ഗമുണ്ടാക്കി കൊടുക്കണം. ഇതാണ് എനിക്ക് ഈ സഭയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) : സർ, പട്ടികജാതി സമുദായ

ങ്ങളിൽ സാമ്പത്തികമായും സാമൂഹികപരമായും വിദ്യാഭ്യാസപരമായും ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു ദുർബല സമുദായമാണ് വേടർ. വിറക് ശേഖരണം, തേൻ ശേഖരണം തുടങ്ങിയവയാണ് ഇവരുടെ പ്രധാന തൊഴിലുകൾ. സ്വന്തമായി ഭൂമിയും വീടുമില്ലാത്ത വേടർ ഉൾപ്പെടെയുള്ള ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ചില വിഭാഗങ്ങൾക്ക് - വേടർ, അരുന്ധതിയാർ, ചക്ലിയൻ, നായാടി, വേട്ടുവൻ, കല്ലാടി എന്നീ വിഭാഗങ്ങളെയാണ് ഏറ്റവും ദുർബല വിഭാഗങ്ങളായി പട്ടി കജാതി വിഭാഗങ്ങൾക്കിടയിൽ കണക്കാക്കിവരുന്നത് - വീടും ഭൂമിയും വാങ്ങുന്നതിന് ഒരു സ്പെഷ്യൽ സ്ക്കീമിൽ ഉൾപ്പെടുത്തി നാലര ലക്ഷം രൂപ നൽകിയിരുന്നു. ഇപ്പോൾ അത് അഞ്ച് ലക്ഷം രൂപയാക്കി വർദ്ധി പ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം ശ്രീ. വി. പി. സജീന്ദ്രന്റെ സബ്മിഷനു മറുപ ടിയായി ഞാൻ ഇക്കാര്യം സൂചിപ്പിക്കുകയുണ്ടായി. മറ്റ് എസ്.സി. വിഭാഗ ങ്ങൾക്കില്ലാത്ത രീതിയിൽ ഇവരുടെ കുട്ടികൾക്ക് എല്ലാ മാസവും വിദ്യാല യങ്ങളിൽ സ്ക്കോളർഷിപ്പ് കൂടാതെ സ്റ്റൈപ്പന്റ് കൊടുത്തുവരുന്നുണ്ട്. ആ സ്റ്റൈപ്പന്റും ഇക്കഴിഞ്ഞ ദിവസം 50 രൂപ വച്ച് വർദ്ധിപ്പിക്കുകയുണ്ടായി. അതോടൊപ്പം തന്നെ ബഹുമാനപ്പെട്ട അംഗം പറഞ്ഞ രീതിയിൽ, അത്ര ത്തോളമുണ്ടോയെന്ന് എനിക്ക് അറിയില്ല.. കാരണം, കുറേയൊക്കെ മാറ്റ ങ്ങൾ ആ വിഭാഗങ്ങൾക്കിടയിൽ ഉണ്ടായിട്ടുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ ഈ അടുത്ത ദിവസം വർക്കലയിൽത്തന്നെ അവ രുടെ ഒരു സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. അവരുടെ ഏറ്റവും

പ്രധാനപ്പെട്ട ഒരു ആവശ്യമായി അന്ന് എന്റെയടുത്ത് ഉന്നയിച്ചത് പട്ടികവർഗ്ഗ വിഭാഗത്തിൽ അവരെ ഉൾപ്പെടുത്തണമെന്നുള്ളതാണ്. അത് ഗവൺമെന്റ് ഗൗരവമായിത്തന്നെ പരിശോധിക്കും. അതോടൊപ്പം അങ്ങ് ഇവിടെ സൂചിപ്പിച്ച ഒരു കാര്യം വളരെ പ്രധാനമായിട്ട് എനിക്ക് തോന്നുകയാണ്. ഈ വിഭാഗങ്ങൾക്കിടയിൽ ആളുകൾ മരണപ്പെട്ടുകഴിഞ്ഞാൽ അവർക്ക് ശവം മറവു ചെയ്യുന്നതിനുള്ള ശ്മശാനമില്ലായെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ ഒന്നുരണ്ട് സ്ഥലങ്ങളിൽ വീടിനകത്തുതന്നെ ശവം മറവു ചെയ്ത സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ശ്മശാനത്തിനാവശ്യമായ ഭൂമി വാങ്ങുന്നതിന് പ്രത്യേക സഹായം ഗവൺമെന്റ് നൽകുമെന്ന് സൂചിപ്പിക്കുവാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. അതോടൊപ്പം തന്നെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്ന അമ്മമാർക്കും ജനിക്കുന്ന കുഞ്ഞുങ്ങൾക്കും സഹായം നൽകുവാനുള്ള പ്രത്യേക പദ്ധതിയായ അമ്മയും കുഞ്ഞും പദ്ധതി കഴിഞ്ഞദിവസം കൊണ്ടുവന്നിട്ടുണ്ട്. കൂടുതലായി എന്തെല്ലാം ആവശ്യമാണെന്നുള്ളതിനെക്കുറിച്ച് ആലോചിക്കാം. ഇപ്പോൾ ഞാൻ സൂചിപ്പിച്ച അഞ്ച് വിഭാഗങ്ങൾക്കിടയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കിക്കൊണ്ട് പരമാവധി കാര്യങ്ങൾ ചെയ്യാനുള്ള

ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് സൂചിപ്പിക്കുവാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്.

ശ്രീ. വർക്കല കഹാർ : തേനെടുപ്പ് എന്നൊക്കെ പറയുന്നത് മലകളിലും അതുപോലെതന്നെ ഗിരിവർഗ്ഗ വേടർ എന്ന് അറിയപ്പെടുന്നവരുമാണ് ചെയ്യുന്നത്. ഇവർ രണ്ടും കാര്യത്തിൽ ഒന്നാണെങ്കിലും ഇവർക്ക് തേനെടുപ്പും അത്തരത്തിലുള്ള ജോലികളുമൊന്നുമില്ല. എനിക്ക് സർക്കാരിനോട് പറയാനുള്ള ഒരു പ്രധാനപ്പെട്ട കാര്യം ഇവർക്കുവേണ്ടി ഒരു പ്രത്യേകമായ പാക്കേജ് തയ്യാറാക്കണമെന്നതാണ്. അതിനുമുമ്പായി ഞാൻ പറഞ്ഞ പല കാര്യങ്ങളും വിശ്വസിക്കാൻ പോലും എന്റെ സുഹൃത്തുക്കൾക്ക് കഴിയുന്നില്ല, കാരണം അതൊക്കെ ഇന്ന് നമ്മുടെ നാട്ടിലുണ്ടോ എന്നുള്ളതാണ്. ഇത് പറഞ്ഞത് സത്യമാണോയെന്ന് അന്വേഷിക്കാൻ ഒരു സംവിധാനം വേണം. അങ്ങനെയും മനുഷ്യർ ഇവിടെ ജീവിച്ചിരിപ്പുണ്ട്. അവർക്കുവേണ്ടി ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിയും ശ്രദ്ധിക്കണം. ഈ പറയുന്ന കാര്യങ്ങളൊക്കെ ശരിയാണെങ്കിൽ അവർക്കുവേണ്ടി ഒരു പാക്കേജ് പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഇവർക്കുവേണ്ടി ഇപ്പോൾത്തന്നെ ഒരു പദ്ധതി നിലവിലുണ്ട്. പട്ടികജാതി വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളല്ല ഈ വിഭാഗങ്ങൾക്ക് നൽകുന്നത്. അവരെ പ്രത്യേകം പരിഗണിക്കുന്ന രീതിയിലാണ് കാര്യങ്ങൾ കാണുന്നത്.

എങ്കിൽപ്പോലും ബഹുമാനപ്പെട്ട അംഗം വർക്കല കഹാർ ഇവിടെ സൂചിപ്പിച്ച എല്ലാ കാര്യങ്ങളെക്കുറിച്ചും പരിശോധിക്കും. വേണ്ടി വന്നാൽ പ്രത്യേക പാക്കേജ് തന്നെ ഈയൊരു ആവശ്യത്തിനുവേണ്ടി നടപ്പാക്കുമെന്ന് സഭയെ അറിയിക്കുകയാണ്.

(സബ്മിഷൻ)

* * * * * * * * * * * * * * *